# ‘കൂട്ടായ്മയുടെ മഹത്വം’

എബ്രായർ 3:13

“ നിങ്ങൾ ആരും പാപത്തിന്റെ ചതിയാൽ കഠിനപ്പെടാതിരിക്കേണ്ടതിന്നു അവിശ്വാസമുള്ള ദുഷ്ടഹൃദയം നിങ്ങളിൽ ആർക്കും ഉണ്ടാകാതിരിപ്പാൻ നോക്കുവിൻ.”

നമുക്ക് പാപബോധം ഉണ്ടാകുവാനും പാപസ്വഭാവത്തിൽ നിന്ന് വേറിട്ട് നിൽപ്പാനും തക്കവണ്ണം നമ്മുടേതായ കഴിവുകളിലൂന്നി ജീവിക്കുവാനല്ല ദൈവം നമ്മളിൽ നിന്ന് ആഗ്രഹിക്കുന്നത്. മറിച്ച് പാപത്തെ തിരിച്ചറിയാനും അതിൽ നിന്ന് അകന്നു നിൽപ്പാനും തക്കതായ ആലോചനകളെ നൽകുന്നതിനു വേണ്ടിയാണ് ദൈവം തന്റെ പരിശുദ്ധാത്മാവിനെ നമ്മുടെ കാര്യസ്ഥനായി നമ്മോടൊപ്പം ആക്കിവെച്ചിരിക്കുന്നത്. ആ പരിശുദ്ധാത്മാവ് തക്കസമയത്ത് നമ്മളെ മുൻ കൂട്ടി പാപബോധമുള്ളവരാക്കുകയും അതിൽ നിന്ന് വേറിട്ട് നിൽപ്പാൻ തക്കവണ്ണം നമ്മെ പാപത്തിന്റെ വഴിയിൽ നിന്ന് മാറ്റിക്കൊണ്ട് പോകുകയും ചെയ്യും. അതു പോലെ തന്നെയാണ് നമ്മുടെ കൂട്ടായ്മ സഹോദരങ്ങളും. ദൈവം അവരെ ഓരോരുത്തരെയും നമ്മോടൊപ്പം കൂട്ടയ്മയിൽ നിർത്തിയിരിക്കുന്നത് നാം ഒരു പാപത്തിലേക്ക് നടന്നടുക്കുമ്പോൾ നമ്മെ അതിൽ നിന്ന് മാറി സഞ്ചരിക്കാൻ തക്കവണ്ണം നല്ല മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനും ദൈവത്തോട് കൂറുള്ളവരായി അവനു വേണ്ടി നിലനിൽക്കുന്നതിനും വേണ്ടിയാണ്.

പാപത്തിലേക്ക് തന്റെ ചതിയാൽ നയിക്കുവാൻ തക്കവണ്ണം സാത്താൻ വളരെയേറെ സമർത്ഥനാണ്. കാരണം അവനറിയാം നാം ആരുടെ മക്കളാണെന്ന്. അതുപോലെ തന്നെ നമ്മെക്കാളേറെ നമ്മെയും നമ്മുടെ കുറവുകളെയും ദൈവത്തെപ്പോലെ തന്നെ അറിയാവുന്ന ഒരാളാണ് സാത്താൻ. ആയതിനാൽ ദൈവജനത്തോടൊപ്പമുള്ള കൂട്ടായ്മയും സഹവാസവും നമുക്ക് ഏറെ ഗുണം ചെയ്യും കാരണം, നാം സാത്താന്റെ ചതിക്കുഴിയിൽ അകപ്പെട്ട് പാപത്തിലേക്ക് നടന്നടുക്കുന്നു എന്നു കാണുമ്പോൾ നമ്മെ ഉപദേശിക്കാനും അതിൽ നിന്ന് പിന്തിരിപ്പിക്കാനും ഈ സഹോദരങ്ങൾക്കാവും. ഇന്നു കാണുന്ന ഈ മ്ലേച്ഛമായ ലോകത്തിൽ ഈ ലോകത്തിന്റെ അനുരൂപിയായി ജീവിക്കുവാൻ നമുക്ക് വളരെയേറെ എളുപ്പമാണ്. എന്നാൽ നാം ഇന്ന് ദൈവത്തോടും അവന്റെ വചനത്തോടും, കൂടാതെ അവന്റെ ജനത്തോടും കൂടുതൽ അടുത്തു ചെല്ലുമ്പോൾ, നമുക്ക് സാത്താനും അവന്റെ സൈന്യത്തിനുമെതിരായി പോരാടി ജീവിപ്പാനും, അവന്റെ ചതിക്കുഴികൾ തിരിച്ചറിഞ്ഞ് അതിൽ നിന്ന് മാറി ജീവിപ്പാനും, അതിലുപരിയായി ദൈവത്തെ അനുസരിച്ച് ദൈവ വചനത്തിൽ വളരാനും, നമ്മുടെ ജീവിതം ദൈവവുമായുള്ള ബന്ധത്തിൽ മുമ്പോട്ട്

കൊണ്ടു പോകുവാനും കഴിയും. അങ്ങനെ ദിനം പ്രതി നമുക്ക് ദൈവത്തിന്റെ സാക്ഷികളായി ജീവിക്കുവാൻ സാധിക്കും.

എല്ലായ്പ്പോഴും സാത്താന്റെ പരമപ്രധാന ഉദ്ദേശം എന്നു പറയുന്നത് ദൈവജനത്തെ എങ്ങനെയും ദൈവത്തിൽ നിന്ന് അകറ്റുക എന്നതാണ്. വാസ്തവത്തിൽ സാത്താൻ നമ്മെ ഈ ലോകത്തിന്റെ പല പ്രതാപങ്ങളും കാട്ടി, അതിനെല്ലാം നമ്മെ മോഹപരവശ്ശരാക്കുക യും, നമ്മെ തന്നെ ഉന്നതരെന്നെണ്ണി ദൈവത്തിൽ നിന്നകറ്റുകയും ചെയ്യും. അവൻ നമ്മെ ഒന്നിനും കൊള്ളരുതാത്ത അവസ്ഥയിലേക്ക് വേഗം കൊണ്ട് ചെന്നെത്തിക്കുന്നു. എന്നാൽ ദൈവമോ നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നത് മറിച്ചാണ്. അതിനാലാണ് ദൈവജനത്തെ തന്റെ പരിശുദ്ധാത്മാവിനാൽ അവൻ നയിക്കുന്നതും ഈ ചതിക്കുഴിയിൽ നിന്ന് വീണ്ടെടുക്കുന്നതും.

എബ്രായർ 2:14ൽ പറയുന്നു ‘മക്കൾ ജഡരക്തങ്ങളോടു കൂടിയവർ ആകകൊണ്ടു അവനും അവരെപ്പോലെ ജഡരക്തങ്ങളോടു കൂടിയവനായി മരണത്തിന്റെ അധികാരിയായ പിശാചിനെ തന്റെ മരണത്താൽ നീക്കി ജീവപര്യന്തം മരണഭീതിയിൽ അടിമകളായിരുന്നവരെ ഒക്കെയും വിടുവിച്ചു.’’

അങ്ങനെയാണെങ്കിൽ ഇന്നു നാമോരോരുത്തരും നമ്മുടെ ജീവിതത്തിലെ ഓരോ നിമിഷവും ഓർത്തിരിക്കേണ്ട ഒരു വചനഭാഗമാണിത് കാരണം സാത്താന്റെ തന്ത്രങ്ങളോട് പടവെട്ടാനുള്ള, നമ്മെ ധൈര്യപ്പെടുത്തുന്ന വചനമാണിത്. നാം ഇന്ന് കൂട്ടായ്മ ആചരിക്കുമ്പോൾ നമുടെ കൂട്ടുസഹോദരങ്ങളിലൂടെയും ദൈവം പ്രവർത്തിക്കുകയും നമ്മെ ശക്തിപ്പെടുത്തുവാനും, പാപബോധമുള്ളവരാക്കാനും ഉതകുന്ന പല വചനങ്ങളിലൂടെയും നമ്മെ നയിക്കുകയും ചെയ്യും.

ആയതിനാൽ ദൈവം നമ്മെ ഒരു കാര്യം ചെയ്യരുത് എന്നോ അല്ലെങ്കിൽ അതു പാപമാകുന്നു എന്നുള്ള ഒരു തോന്നൽ നമ്മുടെ ഉള്ളങ്ങളിൽ ഉണ്ടാക്കുകയോ ചെയ്താൽ അതു അങ്ങനെ തന്നെയായിരിക്കും കാരണം ദൈവമാണ് നമ്മെ സൃഷ്ടിച്ചതെങ്കിൽ നമ്മിൽ പൂർണ്ണ അധികാരം അവനുണ്ട്. ഈ ലോകത്തിനും ലോകക്കാർക്കും ലോകത്തിന്റെ പ്രഭുക്കന്മാർക്കും കീഴടങ്ങിയിരിക്കുന്ന നാമോരോരുത്തരും ഇനി ആ അവസ്ഥയിൽ ഇരിക്കാൻ ദൈവം ആഗ്രഹിക്കുന്നില്ല കാരണം അവനാണ് നമ്മുടെ രാജാധി രാജാവ്. അവന്റെ രാജ്യത്തിലെ നല്ല ജനമായിരിക്കാൻ, മക്കളായിരിക്കാൻ തക്കവണ്ണം ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മെ ഓരോരുത്തരെയും സഹായിക്കുമാറാകട്ടെ.

പരാമർശം :

1 ദിനവൃത്താന്തം 17:20

‘‘ഞങ്ങൾ സ്വന്തചെവികൊണ്ടു കേട്ടതൊക്കെയും ഓർത്താൽ യഹോവേ, നിന്നെപ്പോലെ ഒരുത്തനുമില്ല; നീ അല്ലാതെ ഒരു ദൈവവുമില്ല.’’

ബ്രദർ ബിനു ബേബി ആലപ്പുഴ 12